# ചരിത്രത്തിൽനിന്നൊരു പാഠം

**മക്കയിൽനിന്ന്** മദീനയിലെത്തിയ മുഹമ്മദ് നബി(സ) അക്കാലത്തെ രാജാക്കന്മാരെ ദൈവിക ദീനിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകളയച്ചു. കത്തു കിട്ടിയ രാജാക്കന്മാരെല്ലാം അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അന്വേഷിച്ചുകൊണ്ടിരുന്നു. കൂട്ടത്തിൽ റോമിലെ സീസറുമുണ്ടായിരുന്നു. അക്കാലത്ത് അബൂസുഫ്യാന്റെ നേതൃത്വത്തിൽ ഒരു ഖുറൈശി കച്ചവടസംഘം ഗസ്സയിലെത്തി. പേർഷ്യയുമായി നടത്തിയ യുദ്ധത്തിൽ നേടിയ വിജയം ആഘോഷിക്കാൻ അന്ന് സീസറും ആ പ്രദേശത്തെത്തിയിരുന്നു. സീസറിന്റെ ഭടന്മാർ അബൂസുഫ്യാനെയും സംഘത്തെയും പിടികൂടി സീസറിന്റെ മുന്നിലെത്തിച്ചു. സീസർ അവരോട് നബിയെക്കുറിച്ച് അന്വേഷിച്ചു. മഹാനായ സീസർ തിരുമനസ്സ് അന്വേഷിക്കാൻ മാത്രമുള്ള കക്ഷിയൊന്നുമല്ല അയാൾ എന്നായിരുന്നു അബൂസുഫ്യാന്റെ ആദ്യത്തെ പ്രതികരണം. സീസർ അത് ശ്രദ്ധിക്കാതെ തന്റെ ചോദ്യങ്ങൾക്ക് ശരിയായി മറുപടി നൽകാനാവശ്യപ്പെട്ടുകൊണ്ട് ചോദിച്ചു: 'അയാളുടെ കുടുംബമെങ്ങനെ?' അബൂസുഫ്യാൻ: 'ഉന്നതമായ കുലീന കുടുംബം.' സീസർ: 'അയാളുടെ പൂർവികരാരെങ്കിലും ഇതുപോലെ വാദിച്ചിട്ടുണ്ടോ? അവരെപ്പോലെയാവുകയാണോ ഇയാൾ?' അബൂസുഫ്യാൻ: 'ഇല്ല.' സീസർ: 'അയാൾക്ക് നേരത്തെ നിങ്ങളിൽ രാജാധികാരമുണ്ടായിരുന്നുവോ? പിന്നീട് നഷ്ടപ്പെട്ട അധികാരം വീണ്ടെടുക്കാനാണോ അയാൾ ഈ പ്രസ്ഥാനവുമായി പ്രത്യക്ഷപ്പെട്ടത്?' അബൂസുഫ്യാൻ: 'അല്ല.' സീസർ: 'അയാളുടെ ശിഷ്യന്മാരെങ്ങനെ?' അബൂസുഫ്യാൻ: 'പാവങ്ങളും ദരിദ്രരും ചെറുപ്പക്കാരും സ്ത്രീകളുമാണ്. പ്രായവും പക്വതയുമുള്ളവരാരും അയാളുടെ കൂടെ പോയിട്ടില്ല.' സീസർ: 'ശിഷ്യന്മാർ അയാളെ സ്നേഹിക്കുകയും കൂടെ നിൽക്കുകയും ചെയ്യുന്നുവോ, അതല്ല കുറെ കഴിയുമ്പോൾ മടുത്തു പിരിഞ്ഞു പോകുന്നുവോ?' അബൂസുഫ്യാൻ: 'അയാളെ പിൻപറ്റിയവരാരും പിരിഞ്ഞുപോകുന്നില്ല.' സീസർ: 'നിങ്ങളും അയാളും തമ്മിലുള്ള യുദ്ധമെങ്ങനെ?' അബൂസുഫ്യാൻ: 'ജയപരാജയങ്ങൾ ഞങ്ങൾക്കിടയിൽ മാറി മാറി വരുന്നു.' സീസർ: 'അയാൾ ചതിക്കുമോ?' അബൂസുഫ്യാൻ: 'ഇല്ല, ഇപ്പോൾ ഞങ്ങൾ സമാധാനത്തിലാണ്. എന്നാൽ ചതിയെപ്പറ്റി ഞങ്ങൾ നിർഭയരല്ല.' (ഈയൊരു മറുപടിയിൽ മാത്രമേ തനിക്ക് മുഹമ്മദിനെ അൽപം നിന്ദിക്കാൻ പറ്റിയുള്ളൂ എന്ന് അബൂസുഫ്യാൻ പിന്നീട് പറയുകയുണ്ടായി). സീസറാകട്ടെ അത് ശ്രദ്ധിച്ചതുമില്ല. അദ്ദേഹം പറഞ്ഞു: 'നീ പറഞ്ഞതൊക്കെ സത്യമാണെങ്കിൽ എന്റെ കാൽക്കീഴിലുള്ളതൊക്കെ അയാൾക്കധീനപ്പെട്ടേക്കും.'

പ്രവാചകനെയും മുസ്‌ലിം സമൂഹത്തെയും മദീനയിൽനിന്ന് ഉന്മൂലനം ചെയ്യാൻ ഖുറൈശികൾ ബദ്റും ഉഹുദും ഖൻദഖും നടത്തി പരാജയപ്പെട്ട് ഒടുവിൽ ഹുദൈബിയാ സന്ധിക്ക് നിർബന്ധിതരായ കാലമായിരുന്നു അത്. സന്ധി ഒപ്പിട്ടുവെങ്കിലും മദീനയെ എങ്ങനെ നാമാവശേഷമാക്കാം എന്നുതന്നെയായിരുന്നു അവരുടെ മുഖ്യ ചിന്ത. ഈ സാഹചര്യത്തിൽ റോമാ ചക്രവർത്തിയെ മുഖം കാണിക്കാനവസരം ലഭിച്ച ഖുറൈശി നേതാക്കൾക്ക് വേണമെങ്കിൽ പ്രവാചകനെയും മുസ്‌ലിം സമൂഹത്തെയും മഹാതെമ്മാടികളും ഭീകരന്മാരും അധികാരമോഹികളും രക്തദാഹികളുമൊക്കെയായി ചിത്രീകരിച്ച് ചക്രവർത്തിയെ അവർക്കെതിരെ പ്രകോപിപ്പിക്കാമായിരുന്നു. സീസർ ഉടനെ മദീനയെ തകർക്കാൻ ഒരു സൈന്യത്തെ നിയോഗിക്കണമെന്നഭ്യർഥിക്കാമായിരുന്നു. ഇല്ലെങ്കിൽ ഭാവിയിൽ മദീന റോമാ സാമ്രാജ്യത്തിന് ഭീഷണിയാകുമെന്ന് മുന്നറിയിപ്പ് നൽകാമായിരുന്നു. സീസർ മുഹമ്മദിനെയും കൂട്ടരെയും ഉന്മൂലനം ചെയ്താൽ അദ്ദേഹത്തിന്റെ വിജയത്തിനും ആയുരാരോഗ്യത്തിനും വേണ്ടി തങ്ങൾ കഅ്ബയുടെ കില്ല പിടിച്ച് പ്രാർഥിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യാമായിരുന്നു. ഖുറൈശികൾ പക്ഷേ അതൊന്നും ചെയ്തില്ല. പ്രതിയോഗികളുടെ മേൽ പച്ചക്കള്ളമായ ആരോപണങ്ങൾ കെട്ടിവെച്ച് പൊതു ശത്രുവിനെ പ്രകോപിപ്പിച്ച് ഒറ്റു കൊടുക്കുന്നത് അന്തസ്സും ആത്മാഭിമാനവുമുള്ള പ്രതിയോഗികൾക്ക് ചേർന്നതല്ലെന്നും പ്രതിയോഗികളെ സ്വന്തം നിലയിൽ നേരിടാനുള്ള കോപ്പും ആത്മവീര്യവുമില്ലാത്തവർ അവലംബിക്കുന്ന നാണം കെട്ട കുത്സിത തന്ത്രമാണതെന്നും അവർക്കറിയാമായിരുന്നു. സീസറിനെ മദീനയിലേക്ക് ക്ഷണിച്ചാൽ മദീന തങ്ങളുടേതാവുകയല്ല; മദീനയും മക്കയും സീസർക്കടിമപ്പെടുകയും തങ്ങൾ കാത്തുസൂക്ഷിച്ചുപോന്ന സ്വാതന്ത്ര്യം നഷ്ടപ്പെടുകയുമാണുണ്ടാവുക എന്ന് തിരിച്ചറിയാനുള്ള ബുദ്ധിയുമുണ്ടായി

രുന്നു അവർക്ക്. മറ്റു രാജാക്കന്മാരുടെ മുന്നിലും അറബികൾ സ്വീകരിച്ചത് ഏതാണ്ടിതേ നിലപാടു തന്നെയായിരുന്നു. മുഹമ്മദ് ഞങ്ങളുടെ ദൈവങ്ങളെ നിഷേധിക്കുന്നു, പാരമ്പര്യമായി പാലിച്ചുപോരുന്ന ആചാരങ്ങളെ തള്ളിപ്പറയുന്നു, ചെറുപ്പക്കാരെ വഴിതെറ്റിക്കുന്നു എന്നൊക്കെയായിരുന്നു അവരുടെ ആക്ഷേപം. അവരുടെ നോട്ടത്തിൽ അതൊക്കെ സത്യവുമായിരുന്നു.

കുറച്ചുകാലമായി ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ ചില മുസ്‌ലിം സംഘടനകൾ നടത്തിവരുന്ന പ്രചണ്ഡമായ ദുഷ്പ്രചാരണങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ ചരിത്ര സംഭവം മനസ്സിലെത്തിയത്. ആരോപണങ്ങളുന്നയിക്കുന്നതിൽ ഇസ്‌ലാമിന്റെ ബദ്ധവൈരികളായിരുന്ന ഖുറൈശി വിഗ്രഹാരാധകർ ദീക്ഷിച്ച സത്യസന്ധതയും പ്രതിപക്ഷ മര്യാദയും പോലും ഇക്കൂട്ടർ ദീക്ഷിക്കുന്നില്ലല്ലോ എന്നോർത്തുപോവുകയാണ്. ഇഷ്ടമില്ലാത്തവരെയൊക്കെ അവർ തീവ്രവാദികളായി ചാപ്പകുത്തുന്നു. മുസ്‌ലിം ലോകത്തങ്ങിങ്ങ് തീവ്രവാദ-ഭീകര പ്രതിഭാസം പ്രത്യക്ഷപ്പെടുന്നതിന് പതിറ്റാണ്ടുകൾക്ക് മുമ്പ് മൺമറഞ്ഞുപോയ പണ്ഡിതവര്യന്മാരും പ്രബോധകരുമായ മഹാന്മാരെ സങ്കോചലേശമെന്യേ തീവ്രവാദത്തിന്റെയും ഭീകരതയുടെയും ഉപജ്ഞാതാക്കളായി അവതരിപ്പിക്കുന്നു. ഇതിന്റെയൊക്കെ വിപത്ഫലങ്ങൾ അനുഭവിക്കേണ്ടിവരിക ഏതെങ്കിലും സംഘടന ഒറ്റക്കല്ല. സമുദായം മൊത്തത്തിലാണ് എന്നത് ഇക്കൂട്ടർക്ക് പ്രശ്നമല്ല. ഇല്ലം കത്തിയാലും എലി ചത്തു കിട്ടുമല്ലോ! നിങ്ങളുടെ കൂട്ടത്തിൽ വിവേകമുള്ളവരാരുമില്ലേ എന്നു ചോദിച്ചിട്ടു കാര്യമില്ല. തങ്ങളുടെ നടപടി തന്നെയാണ് അത്യുന്നതമായ വിവേകം എന്നായിരിക്കും ഊറ്റത്തോടെയുള്ള മറുപടി. മറ്റു പല സംഗതികളുമെന്ന പോലെ ഇതും അവിവേകമായിരുന്നുവെന്ന് കാലം പിന്നീട് അവരെ അറിയിക്കും. ആ അറിവ് പക്ഷേ അപ്പോൾ അവർക്കോ മറ്റുള്ളവർക്കോ ഒരു പ്രയോജനവും ചെയ്യില്ല. ■